ഒരു സാധാരണ സംഭവമാണ്. അതിനുപുറമേ ചിലപ്പോഴെല്ലാം അപകടത്തിലേക്ക് വഴുതിവീഴുന്ന സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് ഈ പ്രദേശത്തെ സുരക്ഷിതത്വ സംവിധാനം ശക്തിപ്പെടുത്താൻ ഫലപ്രദമായ നടപടികളും സ്വീകരിക്കണമെന്ന് റെയിൽവേ അധികാരികളോട് ആവശ്യപ്പെടുന്നതാണ്.

(5) മലയാള മനോരമ ലേഖകൻ ശ്രീകുമാറിനെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. കെ. പ്രകാശ് ബാബു: സർ, മലയാള മനോരമയുടെ പുനലൂർ ലേഖകനും എന്റെ അയൽവാസിയുമായ ശ്രീകുമാർ കീരിക്കൽ എന്ന യുവാവിനെ കൊട്ടാരക്കര പോലീസ് എസ്. ഐ. യും സംഘവും ചേർന്ന് അകാരണമായി മർദ്ദിച്ച് അവശനാക്കിയ സംഭവമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. ഈ സംഭവം നടന്നത് ഫെബ്രുവരി 25-ാം തീയതിയാണ്. 25-ാം തീയതി ശ്രീകുമാർ കുളക്കടയിലുള്ള തന്റെ സഹോദരിയുടെ വീടിന്റെ മുറ്റത്ത് നില്ക്കുകയായിരുന്നു. പോലീസ് ജീപ്പ് അവിടെ കൊണ്ടുനിർത്തി ശ്രീകുമാറിനെ കൈകാട്ടി വിളിക്കുകയായിരുന്നു. ജീപ്പിന്റെ അടുത്തുവന്ന് 'എന്താണ് സർ' എന്നു ചോദിച്ച ശ്രീകുമാറിനെ, രണ്ടു കരണത്തും മാറി മാറി അടിച്ചുകൊണ്ട് എസ്. ഐ. തള്ളിയിടുകയായിരുന്നു. പോലീസ് അയാളെ തൂക്കിയെടുത്ത് ജീപ്പിന്റെ അകത്തേക്ക് എറിഞ്ഞു. താൻ ഒരു തെറ്റും ചെയ്തിട്ടില്ലെന്നും താൻ ഒരു പത്രപ്രവർത്തകനാണെന്നും ശ്രീകുമാർ എസ്. ഐ.-യോടും പോലീസുകാരോടും പറഞ്ഞു. 'നിന്നെ ഞാൻ കുറച്ചു നാളായി തിരക്കുകയാണ്' എന്നു പറഞ്ഞ് അസഭ്യശരങ്ങൾ ചൊരിഞ്ഞുകൊണ്ട് അയാളെ പൊക്കിയെടുത്ത് ജീപ്പിന്റെ ബാക്കിലിടുകയായിരുന്നു. ബാക്കിലേക്ക് ഇട്ടിട്ട് ബാക്കിലെ രണ്ടു സീറ്റിന്റെയും ഇടയ്ക്ക് ആ യുവാവിനെ കിടത്തി. അയാളുടെ തലയിൽ അടി കൊള്ളാതിരിക്കുന്നതിനുവേണ്ടി രണ്ടു കയ്യും തലയോട് ചേർത്തുപിടിച്ചു. ആ പോലീസുകാർ ബലമായി രണ്ടു കയ്യും പിടിച്ചു മാറ്റി ചവിട്ടിപ്പിടിച്ചുനിന്നു. എന്നിട്ട് ജീപ്പിലിട്ട് ധാരാളം തല്ലി. കൊട്ടാരക്കര പോലീസ് സ്റ്റേഷനിൽ ചെന്നശേഷം അതിനേക്കാൾ ക്രൂരമായി തല്ലി. ശ്രീകുമാർ, താൻ ഒരു പത്രപ്രവർത്തകനാണെന്ന് കൂടെക്കൂടെ വിളിച്ചുപറഞ്ഞിട്ടും അയാളെ വെറുതെ വിട്ടില്ല. സ്റ്റേഷനിൽ ചെന്നശേഷം ആ എസ്. ഐ. അവിടെനിന്നും സ്ഥലംവിട്ടുകളഞ്ഞു. പിന്നീട് ശ്രീകുമാറിനെ ഇറക്കുന്നതിനുവേണ്ടി ബന്ധുക്കളും നാട്ടുകാരുമൊക്കെ സ്റ്റേഷനിൽ ചെന്നശേഷമാണ് അയാളെ ഇറക്കി ആശുപത്രിയിലാക്കിയത്. ഈ വിഷയത്തിൽ എസ്.പി.-ക്ക് പരാതി കൊടുത്തു. കൊല്ലത്തെ പത്രപ്രവർത്തകരെല്ലാം അങ്ങനെ നേരിട്ടു വന്നുകണ്ടു. മൂന്നു ദിവസത്തിനകം നടപടിയുണ്ടാകുമെന്ന് അന്ന് എസ്. പി. ഉറപ്പുകൊടുത്തതാണ്. പക്ഷെ ഞാൻ തിങ്കളാഴ്ച ഈ സബ്മിഷൻ എഴുതി തരുന്നതുവരെ യാതൊരു നടപടിയുമുണ്ടായില്ല. എസ്. പി. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ എസ്. ഐ. കാണിച്ചത് തെറ്റാണെന്ന് വളരെ വ്യക്തമായി എഴുതിത്തന്നിട്ടുണ്ട് എന്നാണ് അറിയാൻ കഴിഞ്ഞത്. എന്തായാലും യാതൊരു കാരണവുമില്ലാതെയാണു എസ്. ഐ. ഇത് ചെയ്തത്. ഞങ്ങൾക്ക് അറിയാൻ കഴിയുന്നത്, അദ്ദേഹത്തെ കണ്ടു കഴിഞ്ഞാൽ ഏതു നാട്ടുകാരനായാലും ഓടിക്കൊള്ളണം. റോഡ്

LIBRARY ARCHIVES Kerala Legislative Assembly

സൈഡിൽ ആരും നില്ക്കാൻ പാടില്ല, വീട്ടു മുറ്റത്തും ആളുകളും നില്ക്കാൻ പാടില്ല. കൊട്ടാരക്കര എസ്.ഐ. യെ കണ്ടുകഴിഞ്ഞാൽ ബസ്സ്റ്റാൻറിൽ നില്ക്കുന്നവരായാലും ഓടിക്കൊള്ളണം എന്നതാണ് അദ്ദേഹത്തിൻറെ പൊതുനിർദ്ദേശം. അതിൻറെ പേരിലാണ് ഈ ചെറുപ്പക്കാരനെ പിടിച്ചുകൊണ്ടുപോയത്. ഇതു വളരെ ക്രൂരമാണ്. ഈ എസ്. ഐ. ഉൾപ്പെടെയുള്ള പോലീസുകാരുടെ പേരിൽ ശക്തമായ ശിക്ഷണ നടപടി കൈക്കൊള്ളണം. അതിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം എന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി): സർ, വളരെ നിർഭാഗ്യകരമായ ഒരു സംഭവത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രകാശ് ബാബു ഇവിടെ ഉന്നയിച്ചത്. ഇതു സംബന്ധിച്ച് കൊല്ലം പട്ടണത്തിൽ ഒരു പരിപാടിക്ക് പോയപ്പോൾ കൊല്ലം ജില്ലയിലെ പത്രപ്രവർത്തകർ എനിക്ക് പരാതി നൽകിയിരുന്നു. കൂടാതെ എൻറെ സ്നേഹിതൻ ശ്രീ. വി. എം. സുധീരനും അവർ നൽകിയ പരാതി എനിക്ക് അയച്ചുതന്നിരുന്നു. പ്രാഥമികാന്വേഷണത്തിൽ ശ്രീകുമാറിനെ ബലമായി വാനിൽ പിടിച്ചു കൊണ്ടുപോയതായിട്ടാണ് അറിയാൻ കഴിഞ്ഞത്. ഇതു സംബന്ധിച്ച് ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥനെക്കൊണ്ട് വിശദമായി അന്വേഷണം നടത്തി കുറ്റക്കാർക്കെതിരായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം എത്രയും വേഗം പൂർത്തിയാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. പ്രകാശ് ബാബു പറഞ്ഞതനുസരിച്ചും എനിക്ക് കിട്ടിയ പരാതി അനുസരിച്ചും ആരോഗ്യ വകുപ്പുമന്ത്രിക്ക് കിട്ടിയ പരാതി അനുസരിച്ചുമാണ് ഞാൻ പറഞ്ഞത്. പ്രാഥമികാന്വേഷണത്തിൽ ബലമായി പിടിച്ചുകൊണ്ടുപോയി എന്നാണ് വിവരം കിട്ടിയിരിക്കുന്നത്. അതിൻറെ അടിസ്ഥാനത്തിൽ ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരായി ആവശ്യമായ നടപടിയെടുക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തുമെന്ന് അങ്ങ് പറഞ്ഞത് നല്ല കാര്യമാണ്. അത് പോലീസ് വകുപ്പിലെ അല്ലാതെയുള്ള ഒരു ഉയർന്ന ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കുമോ?

(മറുപടി പറഞ്ഞില്ല)

(6) ഷൊർണ്ണൂർ മുനിസിപ്പൽ മാർക്കറ്റിലെ തീപിടുത്തം

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കഴിഞ്ഞ ഫെബ്രുവരി 25-ാം തീയതി ഷൊർണ്ണൂർ മുനിസിപ്പൽ മാർക്കറ്റിൽ ഒരു വലിയ അഗ്നി ബാധയുണ്ടായി. പതിനാല് കടകൾ പൂർണ്ണമായി കത്തിനശിച്ചു. 23·65 ലക്ഷം രൂപയുടെ നാശനഷ്ടമുണ്ടായിയെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. രണ്ട് ആയുർവ്വേദ ഷോപ്പുകൾ, അഞ്ച് പച്ചക്കറി കടകൾ, മൂന്നു വലിയ പലചരക്ക് മൊത്തക്കച്ചവട സ്ഥാപനങ്ങൾ, രണ്ട് സ്റ്റേഷനറി കടകൾ, ഒരു അരി മൊത്തവ്യാപാര സ്ഥാപനം, ഒരു ഫ്രൂട്ട് സ്റ്റാൾ ഇത്രയും സ്ഥാപനങ്ങളാണ് പൂർണ്ണമായി കത്തിനശിച്ചത്. ഇവയ്ക്കു പുറമെ ഷൊർണ്ണൂർ മേഖലയിൽ ശുദ്ധജലം നൽകിയിരുന്ന പമ്പ് ഹൗസും പൂർണ്ണമായി കത്തിനശിച്ചു. അതുകൊണ്ട് ഇപ്പോൾ ആ

LIBRARY ARCHIVES Kerala Legislative Assembly